**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4846** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഡി.ടി.പി.സി. സെക്രട്ടറിമാരുടെ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഡി.ടി.പി.സി. സെക്രട്ടറിമാരുടെ യോഗ്യത നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; മുൻ സർക്കാരിന്റെ കാലത്തെ ഡി.ടി.പി.സി. സെക്രട്ടറിമാരുടെ പ്രവർത്തനത്തിലെ പോരായ്മയാണോ പ്രസ്തുത യോഗ്യത നിശ്ചയിക്കാൻ കാരണമെന്ന് വ്യക്തമാക്കാമോ; | (എ) | ഡി. ടി. പി. സികളിൽ പുതിയ സെക്രട്ടറിമാരെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും കരാർ വ്യവസ്ഥയിലുള്ള നിയമനത്തിന്റെ നടപടിക്രമവും വേതനവുമൊക്കെ പരിഷ്കരിച്ച് ഉത്തരവായിരുന്നു (18.08.2021ലെ സ. ഉ. (കൈ.) 15/2021/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം) ഡി. ടി. പി. സി. സെക്രട്ടറി നിയമനത്തിനുള്ള നടപടികൾ സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായാണു യോഗ്യതകൾ പുതുക്കി നിശ്ചയിച്ചത്. |
| (ബി) | പരീക്ഷയ്ക്ക് 60 ശതമാനവും ഇന്റർവ്യൂവിന് 40 ശതമാനവും യോഗ്യത എന്ന രീതിയിൽ നിശ്ചയിച്ചത് മിടുക്കരായ ഉദ്യോഗാർഥികളെ ഒഴിവാക്കാനാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ? | (ബി) | വിദ്യാഭ്യാസത്തിൽ മികവും വിനോദ സഞ്ചാര മേഖലയിൽ മുൻകാലപരിചയവുമുള്ള ഉദ്യോഗാർഥികളെ കണ്ടെത്താൻ ലക്ഷ്യമിട്ടാണ് എഴുത്ത് പരീക്ഷയ്ക്ക് 60%, പ്രവൃത്തി പരിചയമടക്കം അഭിമുഖ പരീക്ഷയ്ക്ക് 40% എന്ന രീതിയിൽ മാർക്ക് നിശ്ചയിച്ചത്. |

സെക്ഷൻ ഓഫീസർ